(എച്ച്) ഇനി എന്തു വിലയ്ക്കുള്ള എത്ര യൂണിഫോം ക്ലോത്ത് ബാക്കിയുണ്ട് ;

(ഐ) യൂണിഫോം ക്ലോത്ത് ഉല്പാദനവും വില്പനയും വഴി എന്ത് തുക യുടെ ലാഭമോ നഷ്ടമോ ഉണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തമിഴ്നാട്ടിലെ ഭാരതി സഹകരണ സ്പിന്നിംഗ് മില്ലിൽ നിന്ന് നേരിട്ടും അതേ മില്ലിന്റെ നൂല് നാഷണൽ ഹാന്റ്ലൂം ഡവലപ്മെന്റ് കോർപ്പറേഷൻ വഴിയും വാങ്ങി.

(ബി) ഏകദേശം 170 ലക്ഷം രൂപയുടെ നൂൽ വാങ്ങി.

(സി) ഹാൻവീവിന്റെ നെയ്ത്തുകാർക്ക് പുറമേ കണ്ണൂർ മേഖലയിലെ കൈത്തറി സഹകരണ സംഘങ്ങളിലൂടെയും തിരുവനന്തപുരം മേഖലയിലെ സംഘങ്ങളിലൂടെയും ഉൽപാദനം നടത്തിയിട്ടുണ്ട്. സംഘങ്ങളുടെ പേരുവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) കണ്ണൂർ മേഖലയിലെ കൈത്തറി സഹകരണ സംഘങ്ങൾ വഴിയും തിരുവനന്തപുരം മേഖലയിലെ സംഘങ്ങൾ വഴിയും.

(എഫ്) മീറ്ററിന് ശരാശരി 45 രൂപ.

(ജി) ഏകദേശം 50 ലക്ഷം രൂപയ്ക്ക്.

(എച്ച്) ഏകദേശം 250 ലക്ഷം രൂപയുടെ ക്ലോത്ത് ബാക്കിയുണ്ട്.

(ഐ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

39 (2038) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനടം പ്രിയദർശിനി സ്പിന്നിംഗ് മിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മില്ലിന്റെ ഏതെല്ലാം പണികൾ പൂർത്തിയായി ;

(സി) ഇനി എന്തെല്ലാം പണികൾ പൂർത്തിയാക്കുവാൻ ഉണ്ട് ;

(ഡി) ഏതെല്ലാം മെഷിനറികൾ മില്ലിന്റെ സൈറ്റിൽ എത്തിയിട്ടുണ്ട് ;

(ഇ) ഇനി ഏതെല്ലാം മെഷിനറികൾ കൂടി കിട്ടുവാനുണ്ട് ; ഇത് എപ്പോൾ കിട്ടും ;

(എഫ്) ഈ മില്ലിന്റെ പ്രവർത്തനത്തിനുവേണ്ട ടേം ലോൺ എവിടെ നിന്നും നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയ അവസരത്തിൽ ഗവൺമെന്റ് നിശ്ചയിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇത് അനുസരിച്ച് ടേം ലോൺ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണമെന്ത് ;

(എച്ച്) ഈ സഹകരണ മില്ലിന്റെ പ്രവർത്തനത്തിന് രൂപം കൊടുത്ത സമയത്ത് ഈ ഗവൺമെന്റ് നിശ്ചയിച്ചിരുന്ന വിധത്തിൽ ടേം ലോൺ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവോ ?

ഉത്തരം

(എ) ടേം ലോൺ ആവശ്യമായി ലഭിക്കാത്തതും ടെക്സ്റ്റയിൽ വ്യവസായ രംഗത്ത് നിലവിലിരിക്കുന്ന ഗുരുതരമായ പ്രതിസന്ധിയുമാണ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.

(ബി) മില്ലിന് ആവശ്യമായ കെട്ടിടങ്ങളുടെ 85% പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന യന്ത്ര സാമഗ്രികളിൽ 50% വും സൈറ്റിൽ എത്തിയിട്ടുണ്ട്.

(സി) മിൽ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടത്തിന്റെ ബാക്കി പണികളും യന്ത്ര സാമഗ്രികളുടെ സ്ഥാപനവും വൈദ്യുതീകരണവും ആവശ്യമുണ്ട്.

(ഡി) പ്രധാന യന്ത്രസാമഗ്രികളിൽ റ്റി.സി. 360, കാർടിൽസ് മെഷീൻ-3 എണ്ണം, റ്റി.സി. -302 ഡ്രാ ഫ്രെയിം-2 എണ്ണം, റ്റി.എസ്. 15 സ്പീഡ് ഫ്രെയിം-1 എണ്ണം, ഡി.ജെ. 50 റിംഗ് ഫ്രെയിം-6 എണ്ണം, 380 കെ.വി.എ.ഡി.ജി. സെറ്റ്-1 എണ്ണം എന്നിവ സൈറ്റിൽ എത്തിയിട്ടുണ്ട്. ഒരു ഹ്യൂമിഡിഫിക്കേഷൻ പ്ലാന്റിന്റെ പണിയും പൂർത്തിയായിട്ടുണ്ട്.

(ഇ) പ്രധാന യന്ത്രസാമഗ്രികളായ റ്റി.സി. 36 കാർടിൽസ് മെഷിൻ-3 എണ്ണം, റ്റി.എസ്. 15 സ്പീഡ് ഫ്രെയിം-1 എണ്ണം, ഡി.ജെ.-50 റിംഗ് ഫ്രെയിം-6 എണ്ണം, ആർ.റ്റി. 95 കോൺവിൻസർ-1 എണ്ണം, എൽ.എം.ഡബ്ല്യൂ.(ബ്ലോ) റൂം-1 എണ്ണം എന്നിവയാണ് കിട്ടാനുള്ളത്.

(എഫ്) കേരള സംസ്ഥാന സഹകരണ ബാങ്ക്, നബാർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(ജി) ടേം ലോൺ ലഭ്യമാക്കുന്നതിന് വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്തു. സംസ്ഥാന സഹകരണ ബാങ്ക്, കോട്ടയം ജില്ലാ സഹകരണ ബാങ്ക്, കാനറാ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങൾ ഇതിലുൾപ്പെടുന്നു. പണത്തിന്റെ ലഭ്യത സാമ്പത്തിക സ്ഥാപനങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

(എച്ച്) മിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാൻ ഇപ്പോൾ എൻ.സി.ഡി.സി. വഴി ശ്രമം നടത്തിവരുന്നു.

ഗ്യാരന്റി കമ്മീഷൻ അടയ്ക്കുന്നതിന് സാവകാശം

40 (2037) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്തുള്ള സഹകരണ സ്പിന്നിംഗ് മില്ലിന്റെ സർക്കാർ ഗ്യാരന്റി തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly